**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3671 — 15.07.2015 ൽ മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. പി. സജീന്ദ്രൻ<br>" ഐ. സി. ബാലകൃഷ്ണൻ<br>" ജോസഫ് വാഴയ്ക്കൻ<br>" വി. ഡി. സതീശൻ** | | **ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| എ) | പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) | ഉണ്ട്. ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട വരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത വരുമായ നിയമബിരുദ ധാരികൾക്ക് ജുഡീഷ്യറിയിൽ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിന് സഹായകരമായ വിധത്തിൽ അഭിഭാഷക രായി പ്രാക്ടീസ് ആരംഭിക്കുന്നതിന് സാമ്പത്തികമായി സഹായം നല്കുന്ന പദ്ധതിയാണിത്. സാമ്പത്തികമായി പിന്നോക്കം നില്കുന്ന വർക്ക് മുൻഗണന നല്കിയാണ് ആനുകൂല്യം നല്കുന്നത്. |
| ബി) | എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നത്; | ബി) | നിയമ പുസ്തകങ്ങളും വക്കീൽ യൂണിഫോമുകളും വാങ്ങുന്നതിന് ഒരാൾക്ക് ഒരു വർഷം 7500/- രൂപ വീതം മൂന്ന് വർഷങ്ങളിലായി ആകെ 22500/-രൂപ നല്കുന്നു. |
| സി) | പദ്ധതിയുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | സി) | 2012-13 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. സംസ്ഥാന തലത്തിൽ അപേക്ഷകൾ ക്ഷണിക്കുകയും യോഗ്യരായ അപേക്ഷകരെ തെരഞ്ഞെടുക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആനുകൂല്യം അനുവദിച്ച് നല്കുകയും ചെയ്യുന്ന നടപടി സ്വീകരിച്ചു വരുന്നു. 2012-13-ൽ 85 പേർക്കും 2013-14-ൽ 135 പേർക്കും 2014-15-ൽ 111 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**